പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3247 — 21.08.2017-ലെ മറുപടിക്ക്

# റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ

ചോദ്യം

ശ്രീ.രാജു എബ്രഹാം

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചത് എന്നാണ്; | (എ) | 15.12.2013-ലാണ് റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ പ്രവർത്തനം ആരംഭിച്ചത്. |
| (ബി) | എത്ര ഷെഡ്യൂളുകളും ബസ്സുകളുമാണ് റാന്നി സെന്ററിനുള്ളത്; എത്ര ജീവനക്കാർ ഇവിടെ ജോലി ചെയ്യുന്നു; | (ബി) | റാന്നി ഓപ്പറേറ്റിംഗ് സെന്ററിലുള്ള ഷെഡ്യൂളുകളുടെയും ബസുകളുടെയും എണ്ണം ചുവടെ ചേർക്കുന്നു.<br><br>ഇനം / ഷെഡ്യൂൾ / ബസുകൾ<br>ഫാസ്റ്റ് / 5+1 / 7<br>ഓർഡിനറി / 8 / 8<br>ജൻറം / 2 / 2<br>ആകെ / 16 / 17<br><br>സ്ഥിരവും, താൽക്കാലികവുമായി 96 ജീവനക്കാർ റാന്നി ഓപ്പറേറ്റിംഗ് സെന്ററിൽ ജോലി ചെയ്യുന്നു. |
| (സി) | കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ, ഡിപ്പോ എന്നിവയുടെ പദവിക്കായി എത്ര ഷെഡ്യൂളുകളും ബസുകളുമാണ് വേണ്ടത്; | (സി) | ബസ്സുകളുടെയും ഷെഡ്യൂളുകളുടെയും എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അല്ല, ഡിപ്പോ/ സബ് ഡിപ്പോ എന്നിവ ആരംഭിക്കുന്നത്. സ്ഥലത്തിന്റെ പ്രാധാന്യവും യാത്രക്കാരുടെ സൗകര്യവും പരിഗണിച്ച് കോർപ്പറേഷന് ഗുണകരവുമാണെങ്കിൽ മാത്രമേ പുതിയ ഡിപ്പോ/സബ് ഡിപ്പോ എന്നിവ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |
| (ഡി) | മലയോര മേഖലകളെ കൂട്ടിയിണക്കി എം.സി. റോഡിന് സമാന്തരമായി കൂടുതൽ ദീർഘദൂര സർവ്വീസുകൾ റാന്നിയിലൂടെ കടന്നു പോകുംവിധം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) യും (ഇ) യും | പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഗുണകരമാകുന്ന വിധത്തിൽ പുതിയ മേഖലകളിലേക്കും, പുതിയ റൂട്ടുകളിലേക്കും കെ.എസ്.ആർ.ടി.സി സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം |
| (ഇ) | മലബാർ മേഖലയിലേക്ക് കൂടുതൽ രാത്രികാല സർവ്വീസുകൾ ആരംഭി | | |

| | | | |
|---|---|---|---|
| | കുമ്പോൾ അവയുടെ റൂട്ട് റാന്നി, എരുമേലി, കാഞ്ഞിരപ്പള്ളി, തൊടുപുഴ, മൂവാറ്റുപുഴ വഴിയും തിരിച്ച് മലബാർ മേഖലയിൽ നിന്ന് തിരുവനന്തപുരം ഭാഗത്തേക്കും സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | പരിശോധിക്കുന്നതാണ്. |
| (എഫ്) | റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിന്റെ പദവി ഉയർത്തി സബ് ഡിപ്പോ ആക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (എഫ്) | കെ.എസ്.ആർ.ടി.സി.യ്ക്ക് സാമ്പത്തിക പ്രതിസന്ധി നിലനില്ക്കുന്ന സാഹചര്യത്തിൽ പുതിയ ഡിപ്പോ / സബ് ഡിപ്പോ എന്നിവയായി ഓപ്പറേറ്റിംഗ് സെന്ററുകളെ ഉയർത്തുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയില്ല. |
| (ജി) | കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് റാന്നി എം.എൽ.എ. നൽകിയ കത്ത് പ്രകാരം എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ജി) | കെ.എസ്.ആർ.ടി.സി.ക്കും പൊതുജനങ്ങൾക്കും ഗുണകരമായ രീതിയിൽ സാദ്ധ്യതാ പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**